# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ക്രൈസ്തവ സമൂഹത്തിനു മൂന്ന് അടിസ്ഥാന ളുണകളാണ്- പാപ്പാ



സമാധാനവും ജീവിതസാക്ഷ്യവും ദരിദ്രരോടുള്ള സ്നേഹവുമാണ് ക്രൈസ്തവ സമൂഹത്തിന്റെ അടിസ്ഥാനളുണകളെന്ന് ഫ്രാൻസീസ് പാപ്പാ പറഞ്ഞു. ഏതൊരു ക്രിസ്തീയസമൂഹവും ഇവയിലാണ് അടിസ്ഥാനമിടേണ്ടത്. സാന്താ മാർത്തായിലെ പ്രസംഗത്തിലായിരുന്ന പാപ്പായുടെ ഈ സന്ദേശം.

അപ്പസ്തോല നടപടികൾ വരച്ചുകാട്ടുന്ന ക്രൈസ്തവസമൂഹത്തെ ആസ്പദ മാക്കിയായിരുന്ന പാപ്പായുടെ പ്രസംഗം. 'ഒരേ മനസ്സും ഒരേ ആത്മാവു'മുള്ള സമൂഹ മായിരുന്ന അവരുടേത്. അതായത് സമാധാനമുള്ള സമൂഹം-അവിടെ അസൂയയ്ക്കും, അപവാദത്തിനും, പരദൂഷണത്തിനും സ്ഥാനമില്ലായിരുന്ന.

രണ്ടാമതായി വിശ്വാസത്തിന് സാക്ഷ്യം നൽകുന്ന സമൂഹമായിരുന്ന അവരുടേത്. "നമ്മുടെ സമൂഹങ്ങൾ ഇന്ന് ഉത്ഥിതനായ യേശുവിന് സാക്ഷ്യം നൽകുന്നുണ്ടോ." പാപ്പാ ചോദിച്ചു.

ക്രൈസ്തവസമൂഹത്തിന്റെ മൂന്നാമത്തെ പ്രധാനസ്വഭാവം ദരിദ്രരോടുള്ള സമീപനമാണ്. "ദരിദ്രരോടുള്ള നമ്മുടെ സമീപനം എന്താണ്." പാപ്പാ ചോദിച്ചു. "നമ്മുടെ സമൂഹങ്ങൾ ദരിദ്രമാണോ? സത്യത്തിലും അരൂപിക്കും നമ്മൾ ദരിദ്രരാണോ? അതോ നമ്മുടെ ശരണം സമ്പത്തിലാണോ?"

ഈ സ്വഭാവങ്ങൾ ദൈവത്തിൽനിന്നാണ് ഉരുവാകുന്നത്. ഈശോ നിക്കേദേമൂ സിനോട് പറയുന്നത് ഇതുതന്നെയാണ്-ആത്മാവിൽ ജനിക്കുന്നവരുടെ സമൂഹം.